# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7002 — 02.11.2011 ൽ മറുപടിക്ക്

## വേഗത നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |
| (എ) **വേഗത നിയന്ത്രണത്തിനായി റോഡുകളിൽ സ്പീഡ് ബ്രേക്കറുകൾക്ക്പകരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;** | (എ) **തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും, കൊച്ചി നഗരത്തിലെ 14 ജംഗ്ഷനുകളിലും, കോഴിക്കോട് നഗരത്തിലെ 27 ജംഗ്ഷനുകളിലും, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിന് 6.1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റഡാർ സർവൈലൻസ് സ്ഥാപിക്കുന്നതിനും കൂടാതെ 110 ഇന്റർസെപ്റ്റർ, ആൽകോമീറ്റർ എന്നിവ വാങ്ങുന്നതിനും തീരുമാനമായിട്ടുണ്ട്.** |
| (ബി) **പണി പൂർത്തീകരിച്ച എം.സി. റോഡ് പ്രദേശത്ത് റോഡപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി അതോറിറ്റി മരാമത്തു വകുപ്പു വഴി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?** | (ബി) **സ്പീഡ് ട്രേയ്സർ വാഹനങ്ങൾ ഉപയോഗിച്ച് വേഗത നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ